**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2407** **07.10.2016 ൽ മറുപടിയ്ക്ക്**

**പച്ചത്തേങ്ങ സംഭരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ പച്ചത്തേങ്ങ സംഭരണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; ഈ ഇനത്തിൽ കൃഷിക്കാർക്ക് കുടിശ്ശിക നൽകുവാനുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കുമോ; ഇത് എന്നത്തേക്ക് കൊടുത്തുതീർക്കും എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെട്ട 387 കൃഷി ഭവനുകൾ വഴി കൃഷി വകുപ്പും, കേരഫെഡും സംയുക്തമായി പച്ചത്തേങ്ങ സംഭരിച്ചു വരുന്നു. നടപ്പ സാമ്പത്തിക വർഷം മാത്രം 509504.97 ക്വിന്റൽ നാളികേരം സംഭരിച്ചിട്ടുണ്ട്<br>ഉണ്ട്., 77.81 കോടി രൂപ കുടിശ്ശികയായുണ്ട്<br>സംഭരിക്കുന്ന തേങ്ങ കേരഫെഡ് സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി വിപണനം ചെയ്യുന്നു. സംഭരണ വിലയിലുള്ള കൂടുതൽ കാരണം കേരഫെഡിനുണ്ടായിട്ടുള്ള നഷ്ടം നിജപ്പെടുത്തുന്നതിനും കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുമുള്ള വിവിധ നിർദ്ദേശങ്ങളുടെ പ്രയോഗികത പരിശോധിച്ചു വരുകയാണ്. ഫണ്ട് ലഭ്യമാക്കി കുടിശ്ശിക കൊടുത്തു തീർക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ടൺ പച്ചത്തേങ്ങ സംഭരിച്ചു എന്നറിയിക്കാമോ; | (ബി) 32036 ടൺ |
| (സി) | പച്ചത്തേങ്ങ സംഭരണത്തിനു വേണ്ടി പ്രത്യേക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു രീതിയിലാണ് ഇവരുടെ നിയമനം; ഇവരുടെ ശമ്പളം ആരാണ് നൽകുന്നതെന്ന് അറിയിക്കാമോ? | (സി) കരാർ അടിസ്ഥാനത്തിൽ ഒരു അക്കൗണ്ടന്റിനേയും ദിവസക്കൂലി ഇനത്തിൽ രണ്ട് തൊഴിലാളികളേയും വീതം തിരഞ്ഞെടുക്കപ്പെട്ട കൃഷി ഭവനുകളിൽ നിയോഗിച്ചിട്ടുണ്ട്. പച്ചത്തേങ്ങ സംഭരണ ഫണ്ടിൽ നിന്നുമാണ് വേതനം നൽകി വരുന്നത്. |

**സെക്ഷൻ ഓഫീസർ**